**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4280

25.06.2014-ലെ മറുപടിയ്ക്ക്

**ആലപ്പുഴ ബാക്ക് വാട്ടർ ടൂറിസം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴ ബാക്ക് വാട്ടർ ടൂറിസം പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ രൂപം നല്കിയ ആലപ്പുഴ സംയോജിത കായൽ ടൂറിസം പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ 47.62 കോടി രൂപയുടെ സാമ്പത്തിക സഹായവും 4.63 കോടി രൂപയുടെ സംസ്ഥാന സർക്കാരിന്റെ വിഹിതവും ഉൾപ്പെടെ 52.25 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (ബി) പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 31.05.2013ന് ആലപ്പുഴ കളക്ട്രേറ്റിൽ (കോൺഫറൻസ് ഹാൾ) വച്ചും 19.06.2014ന് നിയമസഭാ കോംപ്ലക്സിൽ വച്ചും അവലോകന യോഗം നടത്തിയിട്ടുണ്ട് |
| (സി) എത്ര രൂപയാണ് ഈ പദ്ധതിയ്ക്കായി നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാരിന്റെ 2014-15 |

സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ "3452-80-800-76-infrastructure facilities and matching grants for schemes sponsored by Government of India" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ